പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

## നാൽക്കവല-മീയ്യണ്ണൂർ-കോമളത്ത് റോഡ് നവീകരണം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2998 — 23.03.2015 ൽ മറുപടിക്ക്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ജി.എസ്.ജയലാൽ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) | ചാത്തന്നൂർ മണ്ഡലത്തിൽ പൂയപ്പള്ളി ഗ്രാമപഞ്ചായത്തിലെ നാൽക്കവല-മീയ്യണ്ണൂർ-കോമളത്ത് റോഡ് ഗതാഗതയോഗ്യമല്ലാത്തതിനാൽ പ്രസ്തുത റോഡ് പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരം നവീകരിക്കുന്നതിലേയ്ക്കായി നടപടി സ്വീകരിച്ചിരുന്നുവോ; എങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ ; | (എ) | അനുബന്ധം ആയി ചേർക്കുന്നു |
| (ബി) | പ്രസ്തുത റോഡ് നവീകരണത്തിന് തടസ്സങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ; എങ്കിൽ ആയത് എന്താണെന്ന് വ്യക്തമാക്കുമോ ; | (ബി) | പ്രസ്തുത റോഡ് നവീകരണത്തിന് തടസ്സങ്ങൾ നിലവിലുണ്ട്.<br>റോഡ് പ്രവൃത്തി ചെയ്യുന്നതിന് കരാറുടമ്പടി ഒപ്പ് വച്ച കരാറുകാരന്റെ ഭാഗത്തുനിന്നുള്ള നിസ്സഹകരണം മൂലം പ്രവൃത്തി ആരംഭിക്കുവാൻ കഴിഞ്ഞിരുന്നില്ല. നിരവധി തവണ നിർദ്ദേ ശിച്ചിട്ടും പ്രവൃത്തി ആരംഭിക്കാത്ത സാഹച ര്യത്തിൽ കരാറുടമ്പടി റദ്ദ് ചെയ്ത് കരാറു കാരന്റെ നഷ്ടോത്തര വാദിത്വത്തിൽ റീ ടെണ്ടർ ചെയ്തിട്ടും കരാറുകാർ ആരും ടെണ്ടർ സമർപ്പിച്ചിട്ടില്ല. |
| (സി) | പ്രസ്തുത റോഡ് പണി ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ നീക്കുന്നതിലേക്ക് എന്തൊക്കെ നടപടികളാണ് നാളിതുവരെ കൈക്കൊണ്ടിട്ടുള്ളതെന്നും, എപ്പോൾ നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിയുമെന്നും അറിയിക്കുമോ ? | (സി) | നടപടിക്രമങ്ങൾ പ്രകാരം നിരവധി തവണ നിർദ്ദേശിച്ചിട്ടും പ്രവൃത്തി ആരംഭിക്കാത്ത സാഹചര്യത്തിൽ കരാറുടമ്പടി റദ്ദ് ചെയ്ത് കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ റീ ടെണ്ടർ ചെയ്തിട്ടും കരാറുകാർ ആരും ടെണ്ടർ സമർപ്പിച്ചിട്ടില്ല. റീടെണ്ടറിൽ പങ്കെടുത്ത് ഏതെങ്കിലും കരാറുകാർ പ്രവൃത്തി ഏറ്റെടുത്ത് കരാറുടമ്പടി ഒപ്പ് വയ്ക്കുന്ന മുറയ്ക്ക് തുടർന്നുള്ള ഒരു വർഷ കാലാവധിക്കകം പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയും. |

സെക്ഷൻ ഓഫീസർ

അനുബന്ധം

ചാത്തന്നൂർ മണ്ഡലത്തിൽ പൂയപ്പള്ളി ഗ്രാമപഞ്ചായത്തിലെ നാൽക്കവല - മീയ്യണ്ണൂർ കോളമത്ത് റോഡ് ഗതാഗതയോഗ്യമല്ലാത്തതിനാൽ പ്രസ്തുത റോഡ് പി.എം.ജി. എസ്.വൈ. പദ്ധതി പ്രകാരം നവീകരിക്കുന്നതിലേക്കായി നടപടി സ്വീകരിച്ചിരുന്നു.

<u>വിശദാംശങ്ങൾ</u>

| ബ്ലോക്ക് | ഗ്രാമ പഞ്ചായത്ത് | പ്രവൃത്തിയുടെ പേര് | നിലവിലെ സ്ഥിതി |
|---|---|---|---|
| കൊട്ടാരക്കര | പൂയപ്പള്ളി | നാൽക്കവല-മീയ്യണ്ണൂർ-കോമളത്ത് റോഡ് | കരാറുകാരന്റെ നഷ്ടോത്തര വാദിത്വത്തിൽ റീ ടെണ്ടർ ചെയ്തിട്ടും കരാറുകാർ ആരും ടെണ്ടർ സമർപ്പിച്ചിട്ടില്ല. |